'ഐ.ടി. മിഷൻ കേരള', 'ഐ.ടി.അറ്റ് വില്ലേജ്' തുടങ്ങിയ പദ്ധതികൾ

43 [5599] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷൻ കേരള നിലവിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് മുഖ്യമായും ഇപ്പോൾ ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്; വിശദ വിവരം നൽകുമോ;

(സി) ഐ.ടി അറ്റ് വില്ലേജ് പരിപാടിയുടെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പ്രവർത്തനം നടന്നുവരുന്നത്; ഏതൊക്കെ ഏജൻസികളെയാണ് ഇതിന്റെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ ഫണ്ടിംഗ്, നിർവ്വഹണ കാലപരിധി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഐ.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഏജൻസിയാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ. സർക്കാർ ഏജൻസികളുടെ ബില്ലുകൾ അടയ്ക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, വിവര സാങ്കേതിക അസമത്വം പരിഹരിക്കുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ള "അക്ഷയ" പദ്ധതി, ഗ്രാമീണ ജനങ്ങൾക്ക് കമ്പ്യൂട്ടറും ഇൻർനെറ്റും ഉപയോഗിച്ച് വിവരങ്ങൾ അറിയുന്നതിന് ലൈബ്രറി കൗൺസിലുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുള്ള "സേവന" പദ്ധതി, ഐ.റ്റി.ഇ.എസ്. വ്യവസായത്തിന്റെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും നൽകുന്നതിനായി കൊച്ചിയിൽ ആരംഭിച്ച ഐ.റ്റി.ഇ.എസ്. ഹാബിറ്റാറ്റ്, സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് പദ്ധതി എന്നിവ ഐ.ടി. മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തന പദ്ധതികളാണ്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും "ഫ്രണ്ട്സ്" ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഐ.ടി. മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവര സാങ്കേതിക അസമത്വം പരിഹരിക്കുന്നതിനുവേണ്ടി അരംഭിച്ചിട്ടുള്ള അക്ഷയ പദ്ധതി മലപ്പുറം ജില്ലയിലാണ് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. ITES Habitat പ്രവർത്തിക്കുന്നത് എറണാകുളം ജില്ലയിലാണ്.

(സി) ഐ.ടി. അറ്റ് വില്ലേജ് എന്ന പേരിൽ ഒരു പദ്ധതി ഐ.ടി. വകുപ്പ് മുഖേന നടപ്പാക്കിവരുന്നില്ല. എന്നാൽ സംസ്ഥാനത്തെ ജനങ്ങൾക്കിടയിലുള്ള വിവര സാങ്കേതിക അസമത്വം പരിഹരിക്കുന്നതിനുദ്ദേശിച്ചുള്ള "അക്ഷയ" പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ 552-ഓളം "അക്ഷയ" കേന്ദ്രങ്ങൾ സ്ഥാപിച്ച് പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. ഐ. ടി. വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. ക്രമേണ മറ്റ് ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇൻഫർമേഷൻ ടെക്നോളജിയിൽ കെൽട്രോണിൽ നൽകുന്ന പരിശീലനം

44 [5600] ശ്രീ. എൻ. ശക്തൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജിയിൽ എന്തെല്ലാം വിധത്തിലുള്ള പരിശീലനത്തിലാണ് കെൽട്രോൺ ഏർപ്പെട്ടിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഐ. ടി. പരിശീലനം നൽകുവാൻ കെൽട്രോണിന് പരിപാടിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കെൽട്രോണിന്റെ ഐ. ടി. ട്രെയിനിംഗ് പ്രോഗ്രാം വിദേശങ്ങളിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. ടി. മേഖലയിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ ഇവയിലുള്ള ഹ്രസ്വ ദീർഘകാല പരിശീലനമാണ് കെൽട്രോൺ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. താൽപ്പര്യമുള്ള കോളേജുകളിൽ മാനേജുമെന്റുമായി സഹകരിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് കുട്ടികൾക്ക് സാധാരണ പഠനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം നൽകുകയാണ് ചെയ്യുക.

(സി) ഉണ്ട്.

(ഡി) പ്രധാനമായും ഗൾഫ് രാജ്യങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് പരാതി

45 [5601] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച ചുമട്ട് തൊഴിലാളി നിയമം സമ്പൂർണ്ണമായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly